## ജോലി ചെയ്തുകൊണ്ടിരിക്കെ ഭക്ഷ്യ വിഷബാധ മൂലം ഡ്രൈവർ മരിച്ചത് തൊഴിലപകടമല്ല

### കേരള ഹൈക്കോടതി

M.F.A. No. 71/2013 Dt. 22.12.2020

കേരള സ്റ്റേറ്റ് ഇൻഷുറൻസ് ഡിപ്പാർട്ട്മെന്റ്

x

രാധ

ദേശീയ പെർമിറ്റുള്ള ലോറിയുടെ ഡ്രൈവറായിരുന്നു വിജയൻ. 1999-ൽ ഒരു ദിവസം അയാൾ ചരക്കുകയറ്റിയ ലോറി ഓടിച്ച് തിരുവനന്തപുരത്തുനിന്ന് ഗുജറാത്തിലെ ബറോഡയിലേക്ക് പോയി. യാത്രാമദ്ധ്യേ ഹോട്ടലിൽ നിന്ന് ഭക്ഷണം കഴിക്കാൻ അയാൾ നിർബ്ബന്ധിതനായിരുന്നു. തിരുവനന്തപരുത്തുനിന്ന് പുറപ്പെട്ട് നാലാം ദിവസം അയാൾ ഗുജറാത്തിലെ സൂറത്തിലെത്തിയപ്പോൾ അയാൾക്ക് അസഹ്യമായ വയറുവേദന അനുഭവപ്പെട്ടു. ഉടനെത്തന്നെ അയാളെ സൂറത്തിലെ സഞ്ജീവനി ആശുപത്രിയിലെത്തിച്ച് ചികിത്സിച്ചെങ്കിലും അയാൾ അന്നുതന്നെ മരണത്തിനു കീഴടങ്ങി. അന്തരാവകാശിയായി അയാളുടെ മാതാവ് മാത്രമാണുള്ളത്. ഏഴ് വർഷങ്ങൾക്ക് ശേഷം, അന്തരിച്ച തൊഴിലാളിയുടെ മാതാവ് നഷ്ടപരിഹാരമാവശ്യപ്പെട്ട് എംപ്ലോയീസ് കോമ്പൻസേഷൻ കമ്മീഷണർ മുമ്പാകെ അപേക്ഷ നല്കി. നിർദ്ധനയും നിരക്ഷരയുമായ താൻ മകന്റെ മരണത്തിനു ശേഷം പല ഇടനിലക്കാരെയും ആശ്രയിച്ചാണ് ജീവിച്ചുവന്നതെന്നും അവരുടെ തെറ്റായ ഉപദേശം മൂലമാണ് നഷ്ടപരിഹാരത്തിനുള്ള അപേക്ഷ നല്കാൻ വൈകിയതെന്നും മരിച്ച തൊഴിലാളിയുടെ മാതാവ് ബോധിപ്പിച്ചു. തൊഴിലിന്റെ ഭാഗമായി ദീർഘദൂര യാത്ര ചെയ്യുമ്പോൾ ഹോട്ടലിൽ നിന്ന് ഭക്ഷണം കഴിക്കാൻ ഡ്രൈവർ നിർബ്ബന്ധിതനായതുകൊണ്ടാണ് അയാൾക്ക് ഭക്ഷ്യ വിഷബാധയേറ്റതെന്നും തുടർന്ന് മരിക്കാനിടയായതെന്നും ആശ്രിത ചൂണ്ടിക്കാട്ടി. തൊഴിലുടമയുടെയും ഇൻഷുറൻസ് കമ്പനിയുടെയും എതിർവാദങ്ങൾ തള്ളിക്കളഞ്ഞ കമ്മീഷണർ ഇൻഷുറൻസ് കമ്പനി നഷ്ടപരിഹാരമായി 4,11,900 രൂപ പലിശ സഹിതം മരിച്ച ഡ്രൈവറുടെ ആശ്രിതയായ മാതാവിന് നല്കണമെന്ന് വിധിച്ചു. ഇതിനെതിരെ ഇൻഷുറൻസ് കമ്പനി ഹൈക്കോടതിയിൽ അപ്പീൽ സമർപ്പിച്ചു. ഏഴ് വർഷത്തെ കാലതാമസമുള്ള അപേക്ഷ പരിഗണിക്കാൻ തക്ക കാരണങ്ങളൊന്നുമില്ലെന്നും വയറുവേദന തൊഴിലപകടം അല്ലെന്നും എംപ്ലോയീസ് കോമ്പൻസേഷൻ കമ്മീഷണറുടെ ഉത്തരവ് റദ്ദാക്കേണ്ടതാണെന്നും ഇൻഷുറൻസ് കമ്പനി വാദിച്ചു. ലോറി ഓടിച്ച് ഗുജറാത്തിലേക്ക് പോകേണ്ടിവന്നതുകൊണ്ട് മാത്രമാണ് ഡ്രൈവർ ഹോട്ടലിൽ നിന്ന് ഭക്ഷണം കഴിച്ചതെന്നും തന്മൂലമാണ് ഭക്ഷ്യ വിഷബാധയേറ്റതും വയറുവേദനയുണ്ടായതും ആകസ്മികമായി മരിച്ചതുമെന്നും ആശ്രിത വാദിച്ചു. വയറുവേദനയും തൊഴിലുമായി ബന്ധിപ്പിക്കുന്ന യാതൊരു തെളിവുമില്ലെന്ന് ഹൈക്കോടതി ചൂണ്ടിക്കാട്ടി. ആശ്രിതയുടെ വാദങ്ങളുടെ അടിസ്ഥാനത്തിൽ മാത്രം ഡ്രൈവറുടെ മരണം തൊഴിലപകടമാണെന്ന് കണക്കാക്കാനാവില്ലെന്ന് വിലയിരുത്തിയ ഹൈക്കോടതി എംപ്ലോയീസ് കോമ്പൻസേഷൻ കമ്മീഷണറുടെ വിധി റദ്ദാക്കുകയും ഇൻഷുറൻസ് കമ്പനിയുടെ അപ്പീൽ അനുവദിക്കുകയും ചെയ്തു.